സഭ സമ്മേളിച്ചപ്പോഴും ബില്ല് പരിഗണിക്കുകയും ചെയ്യാമായിരുന്നു. എങ്കിൽ ഇപ്പോഴത്തെ കാണുന്ന വൈഷമ്യങ്ങളും ഒഴിവാക്കാമായിരുന്നു. ഈ കൺഫ്യൂഷനും ഉണ്ടാകുമായിരുന്നില്ല. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളും തൃപ്തികരമല്ല. യഥാർത്ഥത്തിൽ ഉപേക്ഷ വന്നിട്ടുണ്ട്. ആ കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു എങ്കിൽ, ഈ കണ്ട തകരാറുകളെല്ലാം ഒഴിവാക്കാമായിരുന്നു.

ശ്രീ. ആർ. ശങ്കർ : മാഡം, 1963-ലാണ് ഈ ബിൽ കൊണ്ടുവന്നത്. അപ്പോഴുംതന്നെ, ജനറൽ സെയിൽടാക്സ് ബില്ലും ഈ സഭയുടെ ആലോചനയിൽ ഇരിക്കുകയായിരുന്നു. ആ ബിൽ പാസ്സായി, 1963 ഏപ്രിൽമാസം 1-ാംതീയതി മുതൽ നടപ്പിലായി. പിന്നെ മറ്റേ ബില്ലിനു പ്രസക്തിയില്ലാതെ പോയി. ഇതു് ഏറ്റവും മുൻപേ ചെയ്യാൻ കഴിയുമായിരുന്നതു് കഴിഞ്ഞ സെപ്റ്റംബറിലെ സെഷനിലാണ്. അതിനുമുമ്പു കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല. സെപ്റ്റംബറിലെ സെഷനിൽ കൊണ്ടുവരാൻ സാധിക്കാതെ പോയതു്, അഗ്രേറിയൻ റിലേഷൻ ബില്ലിന്റെ ചർച്ച നടന്നു കൊണ്ടിരുന്നതിനാലാണു്. അതുകഴിഞ്ഞു് ഓർഡിനൻസ് വന്നു. ഇതിൽ വളരെ അനാവശ്യമായ കാലതാമസം വരുത്തിയിട്ടുണ്ടെന്നു പറയുന്നതു ശരിയല്ല. ഒരുപക്ഷേ, അല്പംകൂടി മുൻപേ ഇതു കൊണ്ടുവരാൻ സാധിക്കുമായിരുന്നു എന്നുള്ളതു ശരിയാണു്. ഏതായാലും വേറെ ദുരുദ്ദേശം ഒന്നും ഇല്ലാത്തതുകൊണ്ടു് ഇപ്പോഴും ഈ ആക്റ്റു നടപ്പിൽ വരുത്തുന്നതിനു്—പ്രത്യേകം ആക്ഷേപം കൂടാതെ വരാതെ സൂക്ഷിക്കാം—ഇതിന്റെ മൂന്നാം വായന പാസ്സാക്കി ഇതു് അംഗീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

The question that the General Sales Tax (Validation) Bill, 1964 be passed was put and carried.

The Bill was passed.

The Kerala Panchayat Union Councils and Zilla Parishads Bill, 1964—(*Contd.*)

Deputy Speaker : Now we can pass on to the next item, i. e. motion for reference to Select Committee of the Kerala Panchayat Union Councils and Zilla Parishads Bill, 1964.

ശ്രീ. കെ. കൃഷ്ണപിള്ള : മാഡം, ഈ ബിൽ പൊതുജനാഭിപ്രായം അറിയാൻവേണ്ടി സർക്കുലേറ്റു ചെയ്യണമെന്നു് ഒരു മോഷൻ കഴിഞ്ഞ ദിവസം ഞാൻ അവതരിപ്പിച്ചിരുന്നു. ഈ ബിൽ സെലക്റ്റുകമ്മിറ്റിക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ഇതിന്റെ പ്രാധാന്യത്തെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ സ്വയംഭരണസ്ഥാപനങ്ങളുടെ വളർച്ചയും വികസനത്തിനും നിദാനമായിത്തീരേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണനടപടിയിലേയ്ക്കാണു് ഈ സഭ പ്രവേശിക്കാൻ പോകുന്നതു്. അതുകൊണ്ടുതന്നെയാണു് ഈ ബിൽ കൂടുതൽ പരിഗണനയ്ക്കുവേണ്ടി പൊതുജനാഭിപ്രായം അറിയുന്നതിനു് അയയ്ക്കണമെന്ന മോഷൻ അവതരിപ്പിക്കാൻ ഇടയായതു്. പഞ്ചായത്തുരാജ് സ്ഥാപിക്കുന്ന ആശയം നമ്മുടെ രാജ്യത്തു് ആലോചനാവിഷയമായിട്ടു വളരെക്കാലമായി. ഞാൻ ഓർക്കുന്നു : 1960 ജനുവരി 18-ാംതീയതിയാണെന്നു തോന്നുന്നു, നമ്മുടെ പ്രധാനമന്ത്രി കേരളത്തിൽവന്ന അവസരത്തിൽ എറണാകുളത്തുവച്ചു് പഞ്ചായത്തുരാജ് ഔപചാരികമായി ഉൽഘാടനം ചെയ്യുകയുണ്ടായി. എന്തിനു വേണ്ടിയാണു് അന്നു് പഞ്ചായത്തുരാജ് ഉൽഘാടനം ചെയ്യിച്ചതു് എന്നു് എനിക്കു മനസ്സിലായില്ല. ഒരുപക്ഷേ അതിന്റെ അടിസ്ഥാനത്തിലായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കും, നമ്മുടെ സംസ്ഥാനത്തു അതിനുശേഷം പലപ്പോഴും പഞ്ചായത്തു രാജിനെറ മേന്മകളെക്കുറിച്ചു പറഞ്ഞുകേൾക്കാറുണ്ടു്. അന്നു് ആയിരുന്നെങ്കിൽ ഇവിടെ പഞ്ചായത്തുരാജിനെറ യാതൊരു പ്രവർത്തനവും വന്നിരുന്നുമില്ല. എന്തു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണു് 1960-ൽ ഇല്ലാത്ത ഒരു പ്രധാനത്തിനെറ ഉൽഘാടനം പ്രധാനമന്ത്രിയെക്കൊണ്ടു നടത്തിച്ചതെന്നു വ്യക്തമായിട്ടില്ല. എന്നാൽ ആ ഉൽഘാടനത്തിനുശേഷം എത്രയും വേഗത്തിൽ അതു നടപ്പാക്കാനുള്ള ബാദ്ധ്യത ഭരണകക്ഷിക്കുണ്ടായിരുന്നുവെന്നുള്ളതിനു് സംശയമില്ല. ഈ നാലുവർഷക്കാലത്തിനിടയ്ക്കു് അങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിനുള്ള പരിശ്രമം ഇവിടെ നടത്തിയിട്ടില്ല. പഞ്ചായത്തുകളുടെ പ്രവർത്തനം അടുത്തകാലത്താണു ഇവിടെ തുടങ്ങിയതെന്നു അതിനു കാരണം പറഞ്ഞേയ്ക്കും. അതുതന്നെ മറെറാരു കൃത്യവിലോപമായിരുന്നു എന്നുള്ളതല്ലാതെ ഈ നിയമം കൊണ്ടുവരുന്നതിനുള്ള ഒരു തടസ്സവാദമായി ഉന്നയിക്കാൻ സാധ്യമല്ല. വിശേഷിച്ചു് പ്രധാനമന്ത്രി ഉൽഘാടനം ചെയ്തതിനുശേഷം എത്രയും വേഗത്തിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവരാതിരുന്നതിനു് മറു ന്യായീകരണമൊന്നും പറയേണ്ടതില്ലെന്നാണു എനിക്കു പറയാനുള്ളതു്. ഇത്ര പ്രധാനപ്പെട്ട ഒരു നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് സന്തോഷമുണ്ടെന്നു പറഞ്ഞു. പക്ഷേ, അദ്ദേഹം ഒരുകാര്യംകൂടി പറയേണ്ടതായിരുന്നു. പഞ്ചായത്തുരാജു് സ്ഥാപിക്കുന്നതിനുള്ള ഒരു നിയമം പാസ്സാക്കാൻ ഏറെറവും ഒടുവിലായി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്ന ഒരു സംസ്ഥാനമാണു് നമ്മുടേതെന്നുകൂടി പറയേണ്ടതായിരുന്നു എന്നു മാത്രമേ എനിക്കു പറയാനുള്ളു. പഞ്ചായത്തുരാജു് സ്ഥാപിക്കുന്നതിനെറ പ്രാധാന്യത്തെപ്പററി പ്രത്യേകിച്ചു് ഒന്നും പറയേണ്ട ആവശ്യമില്ല.

സർ, ജനാധിപത്യഭരണക്രമത്തിൽ, അധികാരവികേന്ദ്രീകരണം പല രീതിയിൽ ആവശ്യമാണെന്നുള്ളതു് എല്ലാവരും അംഗീകരിച്ചിട്ടുണ്ടു്. യഥാർത്ഥത്തിൽ ജനങ്ങളിലേയ്ക്കു് സ്വാതന്ത്ര്യം പകർന്നുകൊടുക്കേണ്ടതു് ആവശ്യമാണു്. സ്വാതന്ത്ര്യം ഒരു യാഥാർത്ഥ്യമായി ജനങ്ങൾക്കു് അനുഭവപ്പെടണമെങ്കിൽ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ച അത്യാവശ്യമാണു്. ഗ്രാമങ്ങളിലേയ്ക്കു് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ വ്യാപിപ്പിക്കേണ്ടതു് ആവശ്യമാണെന്നു മഹാത്മാഗാന്ധി 1946 മുതൽക്കേ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതുകഴിഞ്ഞു വികസനപ്രവർത്തന പരിപാടികൾ നടപ്പാക്കാൻ തുടങ്ങിയതിനുശേഷം, വിശേഷിച്ചു് കമ്മ്യൂണിററി പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം അവയുടെ പ്രവർത്തനത്തെസംബന്ധിച്ചിടത്തോളം വിലയിരുത്തൽ നടത്തിയപ്പോൾ, പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങളിൽ വേണ്ടിടത്തോളം ജനങ്ങളെ സഹകരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നു ബോദ്ധ്യമായി. ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിൽ കൂടുതൽ സഹകരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നു് അന്വേഷണകമ്മിററി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. അതിനെറ അടിസ്ഥാനത്തിൽ മൂന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ ഡ്രാഫ്ററു തയ്യാറാക്കിയപ്പോൾ, എല്ലാ സംസ്ഥാനങ്ങളും പഞ്ചായത്തുരാജു് സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണെന്നു് എല്ലാ സംസ്ഥാന ഗവണ്മെൻറുകളോടും പ്ലാനിംഗ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ടു്. ഇന്നു് മറെറല്ലാ സംസ്ഥാനങ്ങളിലും ഈ സ്ഥാപനങ്ങൾ നടപ്പായിക്കഴിഞ്ഞിരിക്കുകയാണു്. പ്രധാനമായി പഞ്ചായത്തുരാജു് സ്ഥാപിക്കുമ്പോൾ രണ്ടു കാര്യങ്ങളാണു് ഉദ്ദേശിക്കപ്പെടുന്നതു്. ഒന്നു്, ജനങ്ങളെക്കൂടി ഭരണത്തിനെറ എല്ലാ രംഗങ്ങളിലും പങ്കെടുപ്പിക്കുക എന്നുള്ളതു്. രണ്ടാമതു് വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ മാനുഷികശക്തികൂടി അതിനുവേണ്ടി ഉപയോഗിക്കുകയും ജനങ്ങൾതന്നെ മുൻകൈയെടുത്തു വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന ഒരു സ്ഥിതി കൈവരുത്തുകയും ചെയ്യുക എന്നുള്ളതു്. ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു് അഭിപ്രായവ്യത്യാസം ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല.

സർ, ഈ ബില്ലിനെറ 78–ാമത്തെ വകുപ്പിൽ ഇങ്ങനെ പറയുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

The Panchayat Raj Organisation shall:—

(i) strive to secure a greater measure of participation by the people of the State, in local and Government functions, and

(ii) perform the functions and duties assigned to them by or under this Act so as to conform to the State and National Plans and to the State Policy in general.

അപ്പോഴും ഈ രണ്ടു ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബില്ലിനകത്തു ആ തത്വം അംഗീകരിച്ചിരിക്കുകയാണു്. എന്നാൽ ഈ ലക്ഷ്യം ഈ ബിൽ നടപ്പാക്കുന്നതോടുകൂടി പ്രയോഗത്തിൽ വരുത്താൻ കഴിയുമോ എന്നു പരിശോധിച്ചാൽ വളരെയേറെ നിരാശയാണുണ്ടാകുന്നതു്. ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഒന്നുരണ്ടു അടിസ്ഥാന തത്വങ്ങളെപ്പറ്റി മാത്രമേ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഈ ബില്ലിൽ, പഞ്ചായത്തു നിലവാരത്തിലും, ബ്ലാക്കുനിലവാരത്തിലും, ഡിസ്ട്രിക്റ്റു നിലവാരത്തിലും ജനപ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റികളും ഉണ്ടാക്കി അവക്കുകൂടി അധികാരം വിട്ടുകൊടുക്കുന്നതിനു വ്യവസ്ഥയുണ്ടു്. അതിൽ ഏതു സമിതിക്കാണു് കൂടുതൽ അധികാരം കൊടുക്കേണ്ടതു് എന്നുള്ളതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഏതായാലും ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തു നമ്മുടെ രാജ്യത്തു ഇപ്പോൾ നിലവിൽ വന്നുകഴിഞ്ഞിരിക്കുകയാണു. അതിനു മുകളിൽ ബ്ലാക്കുനിലവാരത്തിലുള്ള സമിതികളാണുള്ളതു്. ബ്ലാക്കു നിലവാരത്തിലുള്ള സമിതികളിൽ പഞ്ചായത്തു പ്രസാഡണ്ടന്മാരും പതിനായിരം ജനസംഖ്യയ്ക്കു് ഒന്നു് എന്ന അടിസ്ഥാനത്തിൽ പഞ്ചായത്തുമെമ്പറന്മാരും തിരഞ്ഞെടുക്കുന്ന മെമ്പറന്മാരും, രണ്ടു സ്ത്രീകളും, രണ്ടു പിന്നാക്കസമുദായത്തിൽപ്പെട്ട ആളുകളും ഉൾപ്പെടുന്നതാണു്. ബന്ധപ്പെട്ട എം. എൽ. എ. മാരും എം. പി. മാരും എക്സ്ഫിഷ്യോ മെമ്പറന്മാരായിരിക്കുമെങ്കിലും അവക്കു് വോട്ടവകാശമുണ്ടായിരിക്കുകയില്ലെന്നും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതുകഴിഞ്ഞു് ജില്ലാനിലവാരത്തിലുള്ള സമിതിയെ സംബന്ധിച്ചാണെങ്കിൽ പഞ്ചായത്തു യൂണിയൻ കൗൺസിൽ ചെയർമാന്മാരും ബന്ധപ്പെട്ട എം. എൽ. എ. മാരും, എം. പി. മാരും, കോർപ്പറേഷൻ ഉണ്ടെങ്കിൽ മേയറും, മുനിസിപ്പാലിറ്റികളാണെങ്കിൽ മുനിസിപ്പൽ ചെയർമാന്മാരും, ഡിസ്ട്രിക്റ്റു കോവാപ്പറേറ്റീവു ബാങ്കുണ്ടെങ്കിൽ പ്രസിഡൻറന്മാരും സമിതി അംഗങ്ങളായിരിക്കണമെന്നാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തു തന്നെ 1959-ൽ ഡിസ്ട്രിക്റ്റു കൗൺസിലുകളും സ്ഥാപിക്കുന്നതിനെസംബന്ധിച്ചു ഒരു നിയമം തയ്യാറാക്കിയിരുന്നു. ആ നിയമത്തിൽ ഡിസ്ട്രിക്റ്റു കൗൺസിൽ രൂപവൽക്കരിക്കുന്നതിനു സ്വീകരിച്ച തത്വങ്ങളും ഇതിൽനിന്നു വിഭിന്നമാണു്. അതിനകത്തു വ്യവസ്ഥചെയ്തിരുന്നതു് ഡിസ്ട്രിക്റ്റു കൗൺസിൽ നേരിട്ടു തിരഞ്ഞെടുപ്പു നടത്തണമെന്നായിരുന്നു. തിരഞ്ഞെടുപ്പു തന്നെ രണ്ടുതരത്തിൽ വേണമെന്നുണ്ടായിരുന്നു. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളും ഒരു മെമ്പറെ വീതം തെരഞ്ഞെടുക്കണമെന്നും, ഒരു ലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളും എല്ലാം ചേർന്നു് ഒരു ലക്ഷത്തിനു് ഒന്നു് എന്ന കണക്കിൽ തിരഞ്ഞെടുപ്പു നടത്തണമെന്നുമായിരുന്നു അതിലെ വ്യവസ്ഥ. മുനിസിപ്പൽ മെമ്പറന്മാരെ കൂടാതെ ഗ്രാമപ്രദേശങ്ങളെയെല്ലാം പല സർക്കിളുകളായി തിരിച്ചു് നാൺ മുനിസിപ്പൽ മെമ്പറന്മാരെകൂടി ഉൾപ്പെടുത്തിയാണു് ഡിസ്ട്രിക്റ്റു ഡവലപ്പു മെൻറു കൗൺസിൽ തിരഞ്ഞെടുപ്പു നടത്തേണ്ടിയിരുന്നതു്. ഇതിൽ അതിനു പകരം എം. എൽ. എ. മാർക്കും എം. പി. മാർക്കും അംഗങ്ങളാകാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണു്. ഇങ്ങനെ വരുന്നതുകൊണ്ടു യഥാർത്ഥത്തിൽ അധികാരം ജനങ്ങളിലേയ്ക്കു പകർന്നുകൊടുക്കണമെന്നുള്ള തത്വം പാലിക്കാൻ കുറേ ബുദ്ധിമുട്ടു നേരിടുമെന്നാണു് എന്റെ അഭിപ്രായം. എന്റെ അഭിപ്രായം ജില്ലാപരിഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാരും, എം. പി. മാരും അംഗങ്ങളായിരിക്കേണ്ട ആവശ്യമില്ലെന്നാണു്. ഒരുപക്ഷേ, വികസനപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായങ്ങളും ആരായുന്നതിനും, ഉപദേശം സ്വീകരിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതു നന്നായിരിക്കും. യൂണിയൻ കൗൺസിലിൽ എം. എൽ. എ. മാരും, എം. പി. മാരും എക്സ്ഫിഷ്യോ മെമ്പറന്മാരായിരിക്കുന്നതുപോലെ, ജില്ലാ പരിഷത്തിലും എക്സ്ഫിഷ്യോ മെമ്പറന്മാരായിരുന്നാൽ മതിയാകും. അല്ലാതെ എല്ലാ സമിതികളിലും എം. എൽ. എ. മാരും, എം. പി. മാരും മെമ്പറന്മാരായിരിക്കുന്നതു പലതരത്തിലും നല്ലതായിരിക്കുകയില്ല എന്ന അഭിപ്രായമാണെനിക്കുള്ളതു്. ഒന്നാമതു് അവരുടെ ഔദ്യോഗിക കൃത്യങ്ങളും നിർവ്വഹിക്കുന്നതിനു സാധിക്കാതെ വരും. ഇപ്പോഴത്തന്നെ ഡിസ്ട്രിക്റ്റു ഡവലപ്പ്മെൻറു് കൗൺസിലുകളിലും, ബ്ലാക്കു് അഡൈവസറി കമ്മിറ്റികളിലും അംഗങ്ങളായിരിക്കുന്ന എം. എൽ. എ. മാർക്കു് പലപ്പോഴും എല്ലാ കമ്മിറ്റികളിലും 'പങ്കെടുക്കാൻ സാധിക്കാതെ വരുന്നുണ്ടു്. അതുമാത്രമല്ല, എല്ലാ നിലവാരത്തിലും കൂടെ അധികാരങ്ങളും ജനങ്ങളിലേയ്ക്കു് പകർന്നുകൊടുക്കണമെന്നുള്ള ഉദ്ദേശം പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും വഴിയാണു പ്രയോഗത്തിൽ വരുത്തേണ്ടതു്. ജനങ്ങളെ സ്വയം ഭരണപരിചയമുള്ളവരാക്കിത്തീർക്കാൻവേണ്ട പരിശീലനം ഈ രംഗത്താണു നൽകേണ്ടതു്. അങ്ങനെയാണെങ്കിൽ നിയമസഭാംഗങ്ങളെയും, പാർലമെൻറംഗങ്ങളെയും ഈ സമിതികളിൽ ഉൾപ്പെടുത്തി ഓരോ സ്ഥാനം വഹിക്കാൻ അവസരം ഉണ്ടാക്കുന്നതു ശരിയല്ല. ജനങ്ങൾക്കു ഭരണപരമായ പരിശീലനം ലഭിക്കുന്നതിനു് എം. എൽ. എ. മാരും, എം. പി. മാരും ഈ സമിതികളിൽ ഇല്ലാതിരിക്കുന്നതാണു നല്ലതു്. യൂണിയൻ കൗൺസിലിനെ സംബന്ധിച്ചു് നേരിട്ടു്—ഉടനെതന്നെ തിരഞ്ഞെടുപ്പു നടത്തണമെന്ന അഭിപ്രായം എനിക്കില്ല. പഞ്ചായത്തുരാജു് സ്ഥാപിക്കാൻ പോകുന്ന അവസരത്തിൽ, കൂടുതൽ അധികാരങ്ങളും ജനങ്ങളിലേയ്ക്കു പകർന്നുകൊടുക്കാൻ പോകുകയാണെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ബഹുമാനപ്പെട്ട ചില മെമ്പറന്മാർ ചൂണ്ടിക്കാണിച്ചതുപോലെ, പഞ്ചായത്തിൻറെ അധികാരം എടുത്തു യൂണിയൻ കൗൺസിലിനു കൊടുക്കുന്നതുകൊണ്ടു അധികാരവികേന്ദ്രീകരണം ആകുകയില്ല. യഥാർത്ഥത്തിൽ പുതുതായിട്ടു് അധികാരം ഒന്നുംതന്നെ കൊടുക്കാൻ ഇതിനകത്തു വ്യവസ്ഥയില്ലെന്നുള്ളതാണു് സത്യം.

യൂണിയൻ കൗൺസിലിനെ സംബന്ധിച്ചാണെങ്കിൽ പഞ്ചായത്തു ആക്റ്റു അനുസരിച്ചുകൊടുത്തിരുന്ന എല്ലാ അധികാരങ്ങളും, മിക്കവാറും എല്ലാം തന്നെ എടുത്തു ഇങ്ങോട്ടു കൊടുത്തിരിക്കുകയാണു്, 42—ാം വകുപ്പു ഒന്നാമത്തെ ഉപവകുപ്പിൽ പറയുന്നതു്:

> "(a) implementation of the programme of Community Development, including in particular all measures relating to development of agriculture, animal husbandry and Village Industries organised on an individual or co-operative basis."

എന്നാണു്. അതു പഞ്ചായത്തു നിയമത്തിൽ ഇല്ലാത്ത കാര്യമാണു്. പഞ്ചായത്തിനു ഉണ്ടായിരുന്ന പലതും കൗൺസിലിനു കൊടുത്തിട്ടുണ്ടു്. 42(1)(എ)യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും 'ഓ' യിൽ പറഞ്ഞിരിക്കുന്ന കാര്യവും ഇപ്പോൾ പഞ്ചായത്തിനുള്ളതാണു്. യൂണിയനു കൊടുത്തിരിക്കുന്ന ഫങ്ഷൻസിൻറെ ലിസ്റ്റു് മുഴുവനും നോക്കിയാൽ മുഴുവനും പഞ്ചായത്തിനുള്ളതാണെന്നു കാണാൻ കഴിയും. പഞ്ചായത്തുകൾക്കു രണ്ടു ഇനം അധികാരം ഇന്നത്തെ നിയമം അനുസരിച്ചു കൊടുത്തിട്ടുണ്ടു്. 'obligatory ഫംഗ്ഷൻസും' മറേറതു 'ഡിസ്ക്രീഷണറി പവ്വേഴ്സും'. ഓബ്ലിഗേറേററി ഫംഗ്ഷനിൽ പന്ത്രണ്ടെണ്ണം ഉണ്ടു്. അതിൽ രണ്ടെണ്ണം കൗൺസിലിനു കൊടുത്തിരിക്കുന്നു. ഡിസ്ക്രീഷണറി പവ്വേഴ്സിൻറെ പേരിൽ 'ആനിമൽ ഹസ്ബൻഡ്രി' സോഷ്യൽ വെൽഫെയർ തുടങ്ങിയ ഹെഡ്ഡിംഗുകളിലായി കൊടുത്തിരുന്ന അനവധിഅധികാരങ്ങളും പഞ്ചായത്തിനു കൊടുത്തിരുന്നതു് ഇന്നു യൂണിയൻ കൗൺസിലിനു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുകയാണു്. അതുപോലെ പ്രൈമറി വിദ്യാഭ്യാസത്തിനും പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനും ഉള്ള ചുമതലകൂടി ഈ കൗൺസിലിനു വേണമെങ്കിൽ ഏറ്റെടുക്കാവുന്നതാണു്. അങ്ങനെ യഥാർത്ഥത്തിൽ പുതുതായി എന്തെങ്കിലും അധികാരങ്ങളും ഈ കൗൺസിലിനു കൊടുത്തിട്ടുണ്ടെന്നു പറയുകയാണെങ്കിൽ അതു ബ്ലോക്കുകളെ സംബന്ധിച്ചുള്ളതാണു്. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റു പ്രോഗ്രാം അനുസരിച്ചുള്ള പദ്ധതികളും നടപ്പിൽ വരുത്തുവാൻ അധികാരമുണ്ടു്. പിന്നെ ഫിഷറീസു്, നാഷണൽ ഹൈവേയ്സും സ്റ്റേറ്റു ഹൈവേയ്സും ഡിസ്ട്രിക്റ്റു റോഡുകളുംകൂടി ഒഴിച്ചു ബാക്കിയുള്ള റോഡുകളുംകൂടെല്ലാം ഉള്ള ചുമതല പഞ്ചായത്തിനുള്ളതായിരുന്നു. അതിന്റെ മെയിന്റനൻസു് നടത്താനുള്ള അധികാരവും പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്നു. ഇന്നു അതു അതേപടി എടുത്തു യൂണിയൻ കൗൺസിലിനു കൊടുത്തിരിക്കുകയാണു്. ഓരോ ഗ്രാമത്തിലും ആവശ്യമായ ചെറിയ റോഡുകളുടെ നിർമ്മാണവും മെയിന്റനൻസും ബ്ലോക്കിന്റെ കീഴിലാക്കി യൂണിയൻ കൗൺസിലിനെ കൊണ്ടു ചെയ്യിക്കുകയാണു". ഇങ്ങനെയുള്ള പഞ്ചായത്തു അധികാരങ്ങളും കൗൺസിലിനു വിട്ടുകൊടുക്കുന്നതുകൊണ്ടു ഗുണമാണോ, അതോ ദോഷമാണോ ഫലത്തിൽ വരുന്നതു് എന്നു നാം മനസ്സിലാക്കണം. പരിശോധിക്കുമ്പോൾ ദോഷമാണു് യഥാർത്ഥത്തിൽ ഉള്ളതെന്നു കാണാം. ഇപ്പോൾ റോഡുകളുടേയും അതുപോലെതന്നെ മറ്റു ഗതാഗതസൗകര്യങ്ങളുടേയും നിർമ്മാണത്തിനു പഞ്ചായത്തുകളും പൊതുജനങ്ങളെ സഹകരിപ്പിക്കാൻ കഴിയുന്നുണ്ടു്. പൊതുജനങ്ങളുടെ സഹായത്തോടുകൂടി പലതും ചെയ്യുന്നുണ്ടു്. 50 ശതമാനം പഞ്ചായത്തു ചെയ്യുക, 50 ശതമാനം പൊതുജനങ്ങളെ ഏൽപ്പിക്കുക. ഈ നിരക്കിൽ പല പണികളും നടത്തിപ്പോരുന്നുണ്ടു്. പഞ്ചായത്തിൽ നിന്നും ഈ അധികാരം യൂണിയൻ കൗൺസിലിനു മാറ്റി കൊടുക്കുകയാണെങ്കിൽ ഈ മാതിരി പ്രവർത്തനങ്ങളിൽ പൊതുജനസഹകരണം ഉണ്ടാകുകയില്ല. അതുകൊണ്ടു ഇതു ദോഷകരമായി നമ്മുടെ ഗ്രാമപ്രദേശങ്ങളെ ബാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ജില്ലാ പരിഷത്തിനെ സംബന്ധിച്ചാണു്. ഇതിന്റെ ചുമതല "advise the Government and watch the progress of development works" എന്നതാണു്. ഇതിനകത്തെ മെമ്പറന്മാർ എം. പി. മാർ, എം. എൽ. എ. മാർ, കാർപ്പറേഷനിലെ മേയർ, സെൻട്രൽ കോ-ഓപ്പറേറ്റീവു് ബാങ്കിന്റെ പ്രസിഡന്റു് തുടങ്ങിയവരാണു്. ഇങ്ങനെയുള്ള ആളുകളംഅടങ്ങിയിട്ടുള്ള ഈ സമിതിയിൽ ഡിസ്ട്രിക്റ്റു കളക്റ്റർ അദ്ധ്യക്ഷനായിരിക്കുകയും ചെയ്യും. ഈ സമിതിക്കു ഉപദേശകസമിതിയെന്നുള്ളതിൽ കവിഞ്ഞു യാതൊരു അധികാരവും ഉണ്ടായിരിക്കുകയുമില്ല. ഇപ്പോൾ ഇവിടെ ഡിസ്ട്രിക്റ്റു ഡെവലപ്പ്മെന്റു കൗൺസിൽ ഉണ്ടു്, അതു സ്റ്റാറ്റ്യൂട്ടറി ബോഡിയല്ല. അതു കഴിച്ചു് ഇന്നുള്ളതിനേക്കാളും പുതുതായി ഒന്നും ജില്ലാ പരിഷത്തിനു ലഭിക്കുവാൻ പോകുന്നില്ല. അങ്ങനെയുള്ള ഒരു സമിതിക്കു, കളക്റ്റർ എന്തിനു അദ്ധ്യക്ഷനായിരിക്കണം? എന്തുകൊണ്ടു ഒരു അനൗദ്യോഗിക മെമ്പർക്കു അതിൽ അദ്ധ്യക്ഷനായിരുന്നുകൂടാ? ഇതുപോലെ കൗൺസിൽ രൂപീകരിക്കുവാനായി ഒരു ബിൽ ഇതിനു മുമ്പു കൊണ്ടുവന്നിരുന്നു. അന്നു് അതിൽ അദ്ധ്യക്ഷനായിരിക്കേണ്ടതു് കൗൺസിൽ അംഗങ്ങളും തെരഞ്ഞെടുക്കുന്ന ഒരാളായിരിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. കൗൺസിലിന്റെ എക്സിക്യൂട്ടീവു് ആഫീസറായി ഒരു സെക്രട്ടറി ഉണ്ടായിരുന്നു. കൗൺസിലിന്റെ തീരുമാനങ്ങളും നടപ്പാക്കുവാനുള്ള ചുമതലയും അദ്ദേഹത്തിനുണ്ടായിരിക്കും. കളക്റ്റർക്കു ഇവിടെ സ്ഥാനം കൊടുക്കേണ്ട കാര്യമില്ല. ആ സ്ഥാനം മറ്റൊരു അനൗദ്യോഗികമെമ്പർക്കു നല്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിനു സമ്മതമില്ലാത്തപക്ഷം ഈ സമിതി ഇങ്ങനെ ഒരു ആകരണമായി സംഘടിപ്പിക്കുന്നതിൽ നിന്നും എം. പി. മാരേയും, എം. എൽ. എ. മാരേയും ഒഴിവാക്കിയേക്കണം. അവരെക്കൂടി അതിൽ ഉൾപ്പെടുത്തി ആക്ഷേപിക്കരുതെന്നു ഞാൻ അഭിപ്രായപ്പെടുകയാണു്. അന്നത്തെ കൗൺസിലിൽ 15 മുതൽ 30 വരെ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങം ഉണ്ടായിരിക്കം. എന്നാൽ ഇപ്പോഴത്തെ സ്ഥിതി അതല്ല. ഇതിന കത്തു എത്രയോ അംഗങ്ങം ഉണ്ടായിരിക്കം. ഒരു ഡിസ്ട്രിക്റ്റിൽ എത്ര ബ്ലോക്കുകം ഉണ്ടായിരിക്കമോ അത്രയും അംഗങ്ങം കാണം. കൊല്ലം ഡിസ്ട്രിക്റ്റിലാണെങ്കിൽ 17 ബ്ലോക്കുകം ഉണ്ട്. പതിനേഴ മെമ്പറന്മാരും കാണം. പതിനഞ്ചു എം. എൽ. ഏ. മാർ, രണ്ട എം. പി. മാർ രാജ്യസഭയിൽ ആരെങ്കിലും പോയിട്ടണ്ടെങ്കിൽ അവരും കാണം. സെൻട്രൽ കോവാപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡണ്ടും വരും. അങ്ങനെ വളരെയധികം ആളകൾ ഇതിനകത്തു വരുന്നതു ശരിയല്ല. ഡിസ്ട്രിക്റ്റു കൗൺസിലിന്റെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ ഓരോ ഇനം പ്രവത്തനങ്ങൾക്കും ഡിസ്ട്രിക്റ്റു ആഫീസറന്മാർ ഉണ്ടായിരിക്കം. ഫാറസ്റ്റു എന്ന ഇതത്തിനു തന്നെസക്കിം കൺസർവേറ്റർ ഉണ്ട്. നാല ഫാറസ്റ്റു ഡിവിഷനുകം ഉണ്ട്. ഓരോ ഡിവിഷനിലും ഓരോ ആഫീസറന്മാർ കാണം. ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിൽ തന്നെ ഇത്രയും ഉദ്യോഗസ്ഥന്മാർ ഉണ്ട്. അതുപോലെ മറു പല ഡിപ്പാർട്ടുമെൻറിലും ഉണ്ട്. അങ്ങനെ ഉദ്യോഗസ്ഥന്മാരായിട്ടുള്ള അംഗങ്ങളും വരും. ആകപ്പാടെ ഇതിനകത്തു നൂറുപേരോളമെങ്കിലും കാണം. ഇതു കാര്യക്ഷമമായി ഭരിക്കുന്നതിനു സഹായകരമായിരിക്കുകയില്ല. ജില്ലാ പരിഷത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകം വരുമോ എന്നുള്ളതിനു യാതൊരു വ്യവസ്ഥയുമില്ല. എം. എൽ. ഏ. മാർ സ്ത്രീകളായി വരാമെന്നുള്ളതു കൊണ്ട് ഇതിലും വരുമായിരിക്കം. നോൺ മുനിസിപ്പൽ ഏരിയാകം തെരഞ്ഞെടുപ്പിനു സഹായകമായ രീതിയിൽ ഓരോ സർക്കിളായി വിഭജിച്ചു കൊണ്ട് അതു സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും റിസർവ്വുചെയ്യണമെന്നും എനിക്കഭിപ്രായം ഉണ്ട്. അന്നത്തെ ഡിസ്ട്രിക്റ്റു ഡെവലപ്പുമെൻറു കൗൺസിലിൽ അങ്ങനെ അംഗീകരിച്ചുകൊടുത്തിരുന്നു. ഡിസ്ട്രിക്റ്റു ഡെവലപ്പുമെൻറു കൗൺസിലിനു അംഗീകരിച്ചുകൊടുത്തിരുന്ന അധികാരങ്ങം വളരെ വിപുലമായ തോതിലാണ്. രണ്ടു മൂന്നു കാര്യങ്ങം ഈ സന്ദർഭത്തിൽ പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

> "Scrutinise and approve plans for the development of Panchayats, approve the budget of the Development Blocks, review the work of the Block Development Officers and Extension Officers; take over the functions of the District Food Committee and District Harijan Welfare Committee that may be functioning in an advisory capacity in the District level, evaluate the development works in any Block or Panchayat etc."

അങ്ങനെ വളരെയധികം അധികാരങ്ങം കൊടുത്തിട്ടുണ്ട്. പഞ്ചായത്തു രാജ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിൽ പലയിടത്തും പല രീതിയിലുള്ള അധികാരങ്ങളാണ് യൂണിയൻ കൗൺസിലിനു കൊടുത്തിട്ടുള്ളതു്. മറു ചില സംസ്ഥാനങ്ങളിൽ ജില്ലാ സമിതികൾക്കു ചില അധികാരങ്ങം കൊടുത്തിട്ടുണ്ട്. മഹാരാഷ്ട്രായിൽ ജില്ലാ പരിഷത്തിനു വളരെയധികം അധികാരം കൊടുത്തിട്ടുണ്ട്. എക്സിക്യൂട്ടീവ് അധികാരം വരെ ജില്ലാ പരിഷത്തിനു കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള ലേഖനങ്ങളിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു് കാര്യക്ഷമമായി ജില്ലാ പരിഷത്തു പ്രവത്തിക്കുന്നു എന്നാണ്. യഥാത്ഥത്തിൽ ജില്ലാ പരിഷത്തു കുറച്ചുകൂടി ഉയന്ന നിലവാരം വച്ചുപുലത്തണമെങ്കിൽ കൂടെ അധികാരങ്ങംകൂടി അതിനു നൽകേണ്ടതു് അത്യാവശ്യമാണ്. കുറച്ചു ഉപദേശം കൊടുക്കുവാനുള്ള അധികാരം, വികസന പ്രവത്തനങ്ങളും നോക്കിക്കൊണ്ടിരിക്കുന്നതിനുള്ള അധികാരം ഇവയെല്ലാം അധികാരമായി പറയുന്നതുതന്നെ ശരിയല്ല. ജില്ലാ പരിഷത്തിനു കൂടുതൽ അധികാരങ്ങം കൊടുക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. യൂണിയൻ കൗൺസിലിനെ സംബന്ധിച്ചിടത്തോളം പ്ലാൻ പദ്ധതികം നടപ്പിലാക്കുന്നതിനുള്ള മുമതല അവക്കു കൊടുക്കണം. അതു നടപ്പിൽ വരുത്തുന്നതിനുള്ള മുമതല പഞ്ചായത്തിനായിരിക്കണം. ഗ്രാമ നിലവാരത്തിൽ എക്സിക്യൂട്ടീവ് മുമതലയെ സംബന്ധിച്ച് അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണു്. പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ ആളുകളെക്കൂടി പങ്കെടുപ്പിച്ചു ജനങ്ങളെ സംഘടിപ്പിച്ചു അതിനുപയോഗപ്പെടുത്തുക എന്നതാണു് ഉദ്ദേശം പൂർണ്ണമായി നടപ്പിലാകണമെങ്കിൽ പഞ്ചായത്തിനു കൂടുതൽ അധികാരം കൊടുക്കണം. ജില്ലാ പരിഷത്തിനും കൂടുതൽ അധികാരം നൽകണം.

മറ്റൊന്നു എനിക്കു പറയുവാനുള്ളതു് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ഫൈനാൻസിനെ സംബന്ധിച്ചാണു്. ഫൈനാൻസിനെ സംബന്ധിച്ചു പറയുമ്പോൾ ഇന്നുതന്നെ പഞ്ചായത്തിൽ ഒട്ടനവധി കരം ഈടാക്കുന്നുണ്ടു്. ഇനിയും ചിലവ നടപ്പിലാക്കാനും പോകുന്നുണ്ടു്. ഈ കരങ്ങളെല്ലാം വളരെ കൂടുതലാണെന്നുള്ള ഒരു ആക്ഷേപം ഉണ്ടു്. അതിനെല്ലാം പുറമേ കൂടുതൽ കരം ചുമത്തുവാനുള്ള ഒരു നടപടി കൂടി ഈ ബിൽ മുഖേന സ്വീകരിച്ചിരിക്കുകയാണു്. പഞ്ചായത്തിൽ ഇപ്പോൾ പല തരത്തിലും കരം വർദ്ധിപ്പിച്ചിട്ടുണ്ടു്. ഉദാഹരണമായി വസ്തു കൈമാറ്റം ചെയ്യുമ്പോഴുള്ള ഡ്യൂട്ടി. 72—ാം വകുപ്പനുസരിച്ചു ഡ്യൂട്ടി കൂട്ടുന്നതിനു് അവകാശം ഉണ്ടു്. പക്ഷേ ഗവണ്മെൻറു് അതു ഇതേവരെ നടപ്പാക്കിയിട്ടില്ല. അതു ഇതേവരെ നടപ്പാക്കാതിരുന്നതു് അതു യൂണിയൻ കൗൺസിലിനു കൊടുക്കുവാനായിരുന്നു. അല്ലെങ്കിൽ നേരത്തെ നടപ്പാക്കുമായിരുന്നല്ലോ? അതു നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വരുമാനം എടുത്തു യൂണിയൻ കൗൺസിലിനു കൊടുത്തിരിക്കുകയാണു്.

അതു കഴിഞ്ഞാൽ മറ്റൊന്നു് ലാൻഡ് സെസ്സാണു്. ലാൻഡ് സെസ്സ് ഈടാക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കായിരുന്നു മുണ്ടായിരുന്നതു്. ലാൻഡ് സെസ്സിന്റെ റേറ്റു് വർദ്ധിപ്പിക്കുകയും, അതു ഈടാക്കാനുള്ള അധികാരം യൂണിയൻ കൗൺസിലിനു് വിട്ടുകൊടുക്കുകയുമാണു് പുതിയ ബില്ലു കൊണ്ടുദ്ദേശിക്കുന്നതു്. കരം വർദ്ധിപ്പിക്കുക മാത്രമല്ല, അതു് പഞ്ചായത്തുകൾക്കു് നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുകയാണു്. അഞ്ചു് സെൻറിനു് രണ്ടു നയാപൈസവെച്ചാണു് ലാൻഡ്സെസ്സു് പിരിച്ചുകൊണ്ടിരുന്നതു്. അങ്ങനെ ഒരു ഏക്കറിനു് നാൽപതു് നയാപൈസകിട്ടിക്കൊണ്ടിരുന്നു. ഇപ്പോൾ ഈ ബില്ലനുസരിച്ചു് രൂപയ്ക്കു് അമ്പതു് വെച്ചു് ഒരു ഏക്കറിനു് ഒരു രൂപ ലാൻഡ് സെസ്സായി കിട്ടും. അങ്ങനെ വർദ്ധിപ്പിച്ച ലാൻഡ സെസ്സു് പിരിച്ചെടുക്കാനുള്ള അവകാശം യൂണിയൻ കൗൺസിലിനു് കൊടുത്തിരിക്കുകയാണു്. അങ്ങനെ പഞ്ചായത്തിലേയ്ക്കു് കിട്ടിക്കൊണ്ടിരുന്ന ആ വരുമാനമാർഗ്ഗവും നഷ്ടപ്പെടുത്തിയിരിക്കുകയാണു് ഈ ബില്ലുകൊണ്ടു്. ഇതുകൂടാതെ പുതിയതായി രണ്ടുതരം ടാക്സുകൂടി ഏർപ്പെടുത്തുകയാണു്. അതായതു് ലോക്കൽസെസ്സു് സർച്ചാർജ്ജു്, എഡ്യൂക്കേഷൻ സെസ്സു് ഇവയാണു്. ലാൻഡ് സെസ്സു് വർദ്ധിപ്പിക്കുക, ലോക്കൽസെസ് സർച്ചാർജ്ജു് ഏർപ്പെടുത്തുക, എഡ്യൂക്കേഷൻ സെസ് ഏർപ്പെടുത്തുക, ഇതെല്ലാം പുതിയ പരിഷ്കാരത്തിന്റെ കൂട്ടത്തിൽ വരാൻ പോകുന്നതാണു്. ഇങ്ങനെ കൂടുതൽ കരങ്ങളും ചുമത്തുന്നതിനുള്ള സാദ്ധ്യതകളുണ്ടോയെന്നും, അതു് ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളിൽനിന്നും ഈടാക്കാനുള്ള സാദ്ധ്യതയുണ്ടോയെന്നും പരിശോധിക്കേണ്ടതാണു്, ഇപ്പോൾതന്നെ പഞ്ചായത്തുകൾ പലതരത്തിലുള്ള കരങ്ങൾ പിരിക്കുന്നുണ്ടു്. ബിൽഡിംഗ് ടാക്സ്, പ്രൊഫഷൻ ടാക്സ്, വെഹിക്കിൾ ടാക്സ്, വിനോദനികുതി മുതലായവ ഇപ്പോൾതന്നെ പിരിക്കുന്നുണ്ടു്. ഇതുകൂടാതെ സർവ്വീസ് ടാക്സ്, ഷോടാക്സ്, സർച്ചാർജസ് ഓൺ ബിൽഡിംഗ് ഇവ ഏതെങ്കിലും പ്രത്യേക ഉദ്ദേശത്തോടുകൂടി പിരിക്കാമെന്നുണ്ടു്. ഇതിനും പുറമേയാണു് ഇപ്പോൾ പുതിയതായിട്ടു് നികുതികൾ ഏർപ്പെടുത്തിയിരിക്കുന്നതു്. ഇതുപോലെ കൂടുതൽ അധികം കരങ്ങൾ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളിൽനിന്നും പിരിച്ചെടുക്കണം. ഇതത്രയും കൊടുക്കുന്നതിനുള്ള സാദ്ധ്യത അവർക്കുണ്ടോയെന്നു് ഗവണ്മെൻറിൽനിന്നും പരിശോധിച്ചിട്ടുണ്ടോ? ഈ പുതിയ കരങ്ങൾ ചുമത്തുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അതുപോലെതന്നെ ഇതിനകത്തു് ഒന്നുകൂടി ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. അതു് ഒരു വിഭാഗം പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ദോഷകരമായി ബാധിക്കുന്ന ഒരു വ്യവസ്ഥയാണു്. അതായതു് ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ബേസിക്കു് ടാക്സിന്റെ 75 ശതമാനം അതാതു പഞ്ചായത്തുകൾക്കു കൊടുക്കും. ബാക്കി 25 ശതമാനംകൊണ്ടു് ഒരു ഫണ്ടു് ഉണ്ടാക്കുകയും, അതു് ആ പഞ്ചായത്തുകളുടെ പ്രത്യേകാവശ്യം കണക്കാക്കി വീതിച്ചുകൊടുക്കണമെന്നുമായിരുന്ന മുമ്പിലത്തെ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ ഈ ബില്ലിലാണെങ്കിൽ ബേസിക്കു് ടാക്സു് പിരിച്ചെടുക്കുന്നതിൽ 75 ശതമാനം കൊടുക്കുന്നതിൽതന്നെ ഒരു മാറ്റം വരുത്തിയിരിക്കുകയാണു്. അതായതു് അതാതു പഞ്ചായത്തുകളിലുള്ള ജനസംഖ്യാ അടിസ്ഥാനത്തിൽ മാത്രമേ എടുക്കാൻ പാടുള്ളുവെന്നാണു്. അതിന്റെ ഫലമായി സംസ്ഥാനത്തിലെ കിഴക്കൻ പ്രദേശങ്ങളിലുള്ള പഞ്ചായത്തുകൾക്കു് മുമ്പുകിട്ടിക്കൊണ്ടിരുന്ന 75 ശതമാനം കിട്ടുകയില്ല. മുൻനിയമമനുസരിച്ചു് പിരിച്ചെടുക്കുന്ന ബേസിക്കു് ടാക്സിൽ 75 ശതമാനവും ആ പഞ്ചായത്തുകൾക്കു് കിട്ടുമായിരുന്നു. ഇപ്പോഴത്തെ ഈ ബില്ലനുസരിച്ചു് അവയ്ക്കു് അതുപോലും കിട്ടുകയില്ല. കാരണം ജനസംഖ്യാടിസ്ഥാനത്തിൽ ആണു് അതു് വീതിക്കുന്നതു്. ആ പഞ്ചായത്തുകളിലാണെങ്കിൽ ജനസംഖ്യ വളരെ കുറവായിരിക്കും. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകൾക്കാണെങ്കിൽ 75 ശതമാനത്തിൽ കൂടുതൽ കിട്ടാൻ ഇടയുണ്ടു്. ഈ വ്യവസ്ഥ ഈ സ്റ്റേറ്റിലെ പഞ്ചായത്തുകളെ രണ്ടു തരത്തിൽ ബാധിക്കുമെന്നുള്ളതുകൊണ്ടു് ഈ വ്യവസ്ഥ നിർബന്ധമായും മാറ്റേണ്ടതാവശ്യമാണു്. ഇതിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതി നിശ്ചയമായും ഉപേക്ഷിക്കേണ്ടതാണു്. ഈ ടാക്സുകളെല്ലാം പിരിക്കുന്നതു് കൂടുതലാണെന്നു് പറയുമ്പോൾ പിന്നെ എങ്ങനെയാണു് ഈ സ്ഥാപനങ്ങളെല്ലാം നടത്തിക്കൊണ്ടുപോകുന്നതെന്നു് സ്വാഭാവികമായി ഒരു ചോദ്യമുണ്ടാകാം. ഇതെല്ലാം നടത്തിക്കൊണ്ടുപോകുന്നതിനു് മറ്റു സംസ്ഥാനങ്ങളിൽ എന്താണു് ചെയ്യുന്നതു് ? മദ്രാസു് ആക്ടിനെ അടിസ്ഥാനമാക്കിയാണു് ഈ നിയമം ഇവിടെ കൊണ്ടുവന്നതു് എന്നു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. പക്ഷെ, അദ്ദേഹം ഒരു കാര്യം ചിന്തിക്കണം. 1958—ൽ കൊണ്ടുവന്ന ആക്ടാണു് മദ്രാസിലുള്ളതു്. അതിനെ അടിസ്ഥാനമാക്കി 1964—ൽ കേരളത്തിൽ ഒരു നിയമം കൊണ്ടുവരുന്നുവെന്നു് പറയുന്നതു് ശരിയാണെന്നു തോന്നുന്നില്ല. 1958—നു ശേഷം പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടു്. മദ്രാസിൽ മാത്രമല്ല, ഇൻഡ്യയിലെ പല സ്റ്റേറ്റുകളിലും പഞ്ചായത്തു് രാജ്കം രൂപീകരിച്ചിട്ടുണ്ടു്. എന്തുകൊണ്ടു് ആ മാറ്റങ്ങൾക്കനുസൃതമായിട്ടുള്ള രീതിയിൽ നമുക്കു് ഒരു പുതിയ നിയമം ഉണ്ടാക്കിക്കൂടാ. മാത്രമല്ല മദ്രാസു് ആക്ടിലുള്ളതിനെക്കാൾ പിൻതിരിപ്പൻ വ്യവസ്ഥകളാണു് ഇതിനകത്തു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. 1953 മുതൽ കേരളത്തിൽ പഞ്ചായത്തുകൾ രൂപീകരിച്ചു് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. ഇവിടെയുള്ള പഞ്ചായത്തുകളുടെ പ്രവർത്തനം മറ്റു സ്റ്റേറ്റുകളിലുള്ള പഞ്ചായത്തുകളുടെ പ്രവർത്തനത്തെക്കാൾ കാര്യക്ഷമമായിരുന്നുവെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ആ നിലയ്ക്കു് മറ്റു സ്റ്റേറ്റുകളിലെ പഞ്ചായത്തുകൾക്കു് കൊടുക്കുന്നതിനെക്കാൾ കൂടുതൽ അധികാരം ഇവിടത്തെ പഞ്ചായത്തുകൾക്കു കൊടുക്കേണ്ടതാണു്. മദ്രാസിലെ പഞ്ചായത്താക്ടിനെ അനുകരിച്ചാണു് ഇവിടെ പഞ്ചായത്തു നിയമം കൊണ്ടുവന്നതെന്നു് പറയുന്നവെങ്കിലും, മദ്രാസിൽ പഞ്ചായത്തുകൾക്കു് കൊടുത്തിട്ടുള്ള അവകാശങ്ങൾ ഇവിടെയും കൊടുക്കാൻ തയാറാകുന്നില്ല. അപ്പോൾ മദ്രാസ് ആക്ടിനനുസരിച്ചാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്നു് പറയുന്നതിൽ യാതൊരു ന്യായവുമില്ല. ഈ നിയമമനുസരിച്ചു് യൂണിയൻ കൗൺസിലുകൾക്കു് പല കാര്യങ്ങളിലും അധികാരം കൊടുക്കുന്നുണ്ടു്. എന്നാൽ അവയ്ക്കും യാതൊരു വിധത്തിലുള്ള ഗ്രാന്റും കൊടുക്കാൻ ഗവണ്മെന്റു് തയാറാകുന്നില്ല. ഇവിടെ മദ്രാസിൽ യൂണിയൻ കൗൺസിലുകൾക്കു് Education grant, Roads grant, തുടങ്ങിയ ഗ്രാന്റുകളും കൊടുക്കുന്നുണ്ടു്. ഇവിടെപുതിയ കരങ്ങളുംചുമത്തി, അങ്ങനെ വരുമാനമുണ്ടാക്കി പ്രവർത്തനം നടത്താനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഏതായാലും പഞ്ചായത്തുകളുടെ പ്രവർത്തനത്തിനുവേണ്ടി പണം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളവും, അതിന്റെ വരുമാനമാർഗ്ഗത്തെ സംബന്ധിച്ചിടത്തോളവും

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കേണ്ടതുണ്ടെന്നുള്ളതു് വളരെ വ്യക്തമായ ഒരു കാര്യമാണു്. അതു കൊണ്ടാണു് ഈ ബിൽ പൊതുജനാഭിപ്രായത്തിനു് അയക്കണമെന്നു് ഞാൻ പറയുന്നതു്. അതുപോലെ തന്നെ ഈ ബിൽ മൂലം പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളുമെല്ലാം നഷ്ടപ്പെടുകയാണു്. ഈ നിയമം മൂലം പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളൊന്നുംതന്നെ നഷ്ടപ്പെടുകയില്ലെന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. അതു് ശരിയല്ല. കാരണം മുമ്പുണ്ടായിരുന്ന നിയമമനുസരിച്ചു് പഞ്ചായത്തുകൾക്കാവശ്യമായ ബഡ്ജറുണ്ടാക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു് തന്നെയായിരുന്നു. അതായതു് എക്സിക്യൂട്ടീവു് ആഫീസർ ബഡ്ജറു തയാറാക്കി അതു് സംക്ഷിപ്തമാക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർക്കയച്ചുകൊടുക്കും. അതു് തിരിച്ചു പഞ്ചായത്തിലേയ്ക്കു് അയയ്ക്കും. പഞ്ചായത്തിനു് അതിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ, ഭേദഗതി വരുത്തി പാസ്സാക്കാനുള്ള അധികാരം ഉണ്ടായിരുന്നു. എന്നാൽ ഈ നിയമമനുസരിച്ചാണെങ്കിൽ പഞ്ചായത്തിലെ എക്സിക്യൂട്ടീവു് ഓഫീസർ ബഡ്ജറു തയാറാക്കി, അതു് സംക്ഷിപ്തമാക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർക്കു് അയച്ചുകൊടുക്കണം. അതുകഴിഞ്ഞിട്ടു് അവിടെ നിന്നും യൂണിയൻ കൗൺസിലിനു് അയയ്ക്കണം. യൂണിയൻ കൗൺസിലിനു് അതിൽ ഭേദഗതികളും വരുത്തണമെന്നു് തോന്നിയാൽ ഭേദഗതികളും വരുത്താവുന്നതാണു്. അതിനു ശേഷം അതു് തിരിയെ പഞ്ചായത്തിലേയ്ക്കു് അയക്കും. അവിടെ വെച്ചു് യൂണിയൻ കൗൺസിൽ പാസ്സാക്കിയ ഭേദഗതിയോടുകൂടിതന്നെ പഞ്ചായത്തു ബഡ്ജറു പാസാക്കണമെന്നാണു്. അതിന്റെ ഫലമായി പഞ്ചായത്തുകൾക്കു് ബഡ്ജറു ഉണ്ടാക്കുന്നതിൽ യാതൊരു വിധത്തിലുള്ള അധികാരവും ലഭിക്കാതെ പോകുകയാണു്. യൂണിയൻ കൗൺസിലിൽ വരുത്തിയ ഭേദഗതിയോടുകൂടി പഞ്ചായത്തു് പാസ്സാക്കുന്നതെന്തിനാണു്? യൂണിയൻ കൗൺസിലിൽവെച്ചതന്നെ അതങ്ങു പാസ്സാക്കിക്കൂടേ? അങ്ങനെ പഞ്ചായത്തുകൾക്കു് സ്വന്തം ഇഷ്ടത്തോടുകൂടി ബഡ്ജറു പാസ്സാക്കുന്നതിനുണ്ടായിരുന്ന അധികാരം ഈ ബില്ലിൽ എടുത്തുകളഞ്ഞിരിക്കുകയാണു്. പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളെല്ലാം എടുത്തു യൂണിയൻ കൗൺസിലിനു് കൊടുക്കുന്നതിനുള്ള പ്രവണതയാണു് ഈ ബില്ലിനകത്തു് ഉടനീളം കാണുന്നതു്. ഇന്നുവരെ ഉണ്ടായിരുന്ന നിയമമനുസരിച്ചു് പഞ്ചായത്തുകൾക്കു് കൊടുത്തിരുന്ന അധികാരങ്ങളും തിരിച്ചെടുക്കുന്ന മനോഭാവം സ്വീകരിക്കുന്നതു് ശരിയല്ല, അതു് തിരിയെ എടുക്കാൻ പാടില്ല, അതുകൊണ്ടു് ഇതിനെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനുള്ള അവസരം കൊടുക്കണം. അവരുടെ അഭിപ്രായങ്ങളും അറിഞ്ഞതിനുശേഷം മാത്രമേ ഈ ബിൽ പാസ്സാക്കാൻ പാടുള്ളുവെന്നാണു് എന്റെ അഭിപ്രായം. മറ്റു കാര്യങ്ങളെ സംബന്ധിച്ചു് കൂടുതലായിട്ടൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് ബില്ലു് തയാറാക്കുന്നതിനെ സംബന്ധിച്ചാണു്. ബില്ലുകളും ഉണ്ടാക്കുമ്പോൾ ഉണ്ടാകുന്ന പാകപ്പിഴകളെപ്പറ്റി ഇവിടെ പല പ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഈ ബില്ലിനകത്തുതന്നെ ജില്ലാ പരിഷത്തുകളെ സംബന്ധിച്ചിടത്തോളവും, 53 മുതൽ 69 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും 76–ാം വകുപ്പിൽ പറയുന്ന ജില്ലാ പരിഷത്തിനും ബാധകമാണു്. 53 മുതൽ 59 വരെയുള്ള വകുപ്പുകളും ബഡ്ജറു തയാറാക്കുക, ആഡിറു ചെയ്യുക മുതലായവയാണു്. യൂണിയൻ കൗൺസിലിനെ ബാധിക്കുന്നതുപോലെയുള്ള എല്ലാ വ്യവസ്ഥകളും ജില്ലാപരിഷത്തിനും ബാധകമാണു്. ബഡ്ജറു് യൂണിയൻ കൗൺസിൽ പാസാക്കിയാൽ അതു് പ്രിസംക്രൈബു് ചെയ്യുന്ന ആഫീസർക്കും അയച്ചുകൊടുക്കണം. ആഫീസർ അതു് പരിശോധിച്ചു് യൂണിയൻ കൗൺസിലിനു് തിരിച്ചയയ്ക്കുന്നു. ആ ഭേദഗതികളും യൂണിയൻ കൗൺസിലിനു് സ്വീകരിക്കാൻ നിവൃത്തിയില്ലെങ്കിൽ അതു് കളക്ടർക്കു് റഫർ ചെയ്യണം. കളക്ടർ അതിൽ ഒരു തീരുമാനം എടുക്കണമെന്നാണു് പറയുന്നതു്. ഈ വ്യവസ്ഥകളും ജില്ലാപരിഷത്തിനും ബാധകമാണു്, കളക്ടർ, ചെയർമാനായ പരിഷത്തു് പാസ്സാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

ബഡ്ജറ്റ് അവസാനതീരുമാനത്തിന കളക്ഷറക്ട് തന്നെ അയക്കണം എന്ന പറയുന്നത് അത്ഥമില്ലാത്തതാണ്. ബില്ല് തയാറാക്കുന്നതിലും അവതരിപ്പിക്കുന്നതിലും ശ്രദ്ധിക്കാത്തതുകൊണ്ട് വരുന്നതാണ് ഇതു്. അതുപോലെതന്നെ യൂണിയൻ കൗൺസിലുകളിൽ സ്റ്റാൻറിംഗ് കമ്മിറ്റികളെക്കുറിച്ച് പറയുന്നതും. സ്റ്റാൻറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഇതിനകത്തുണ്ട്. എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റിയിലും യൂണിയൻ കൗൺസിലിൻെറ പ്രെയർമാൻ അംഗമായിരിക്കണമെന്നാണ്. അഡ്മിനിസ്ട്രേഷൻ ആൻഡ് ഫൈനാൻഷ്യൽ കമ്മിറ്റിയുടെ പ്രെയർമാൻ കൗൺസിലിൻെറ പ്രെയർമാൻ തന്നെയാണ്. പ്രൊഡക്ഷൻ കമ്മിറ്റിയിൽ പ്രെയർമാൻ വൈസ് പ്രെയർമാനായിരിക്കും; മറ്റു കമ്മിറ്റികളിൽ പ്രെയർമാൻ അംഗമായിരിക്കുമെങ്കിലും കമ്മിറ്റിയുടെ പ്രെയർമാൻ വേറെ ആളായിരിക്കും. സ്വാഭാവികമായിട്ടും അതിലും കൗൺസിലിൻെറ പ്രെയർമാൻതന്നെ പ്രെയർമാനായിരിക്കേണ്ടതാണ്. ഏതായാലും ഇതിലെ വകുപ്പുകളെല്ലാം തന്നെ വേണ്ടിടത്തോളം ആലോചിക്കാതെ കൊണ്ടുവന്നിട്ടുള്ളതാണ്. ഞാൻ ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട തത്വങ്ങളും ഇതിനകത്തു് ഉൾക്കൊള്ളിക്കേണ്ടതാവശ്യമാണ്. സ്വയംഭരണസ്ഥാപനങ്ങളുടെ വളർച്ചയും, വികാസവും ഈ ബില്ലിനെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. സ്വയംഭരണസ്ഥാപനങ്ങളുടെ വികാസനത്തിനു് അനുകൂലമായ സാഹചര്യങ്ങളും ഉണ്ടാക്കികൊടുക്കേണ്ടതു് നമ്മുടെ കടമയാണ്. അതിനനുകൂലമായ നിയമം ഉണ്ടാക്കേണ്ടതു് നമ്മുടെ ചുമതലയാണ്. അതുകൊണ്ട് ഈ ബില്ലിനെപ്പറ്റിയുള്ള പൊതുജനാഭിപ്രായം അറിയുന്നതിനു് ഈ ബിൽ പൊതുജനങ്ങളുടെ ഇടയിൽ സർക്കുലേറ്റു ചെയ്യുന്നതു് ഏറ്റവും നല്ലതാണ്; അതാവശ്യവുമാണ്. പൊതുജനാഭിപ്രായത്തിനു് അയക്കാതെ വേഗം പാസ്സാക്കിയെടുക്കുന്നതിനു് സെലക്ടുകമ്മിറ്റിക്കയച്ചാലും എന്നാണ് അതിൻെറ റിപ്പോർട്ട വരിക? അതിലും വളരെ കാലതാമസം ഉണ്ടാകും. ഏതായാലും ഈ ബില്ല് അത്ര പെട്ടെന്നു് പാസ്സാക്കി എടുക്കുകയില്ല. 1964 ജൂൺ ഒന്നാം തീയതിവരെ സർക്കുലേറ്റു ചെയ്യണമെന്ന മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമം എന്നുള്ള നിലയിലും, ഈ രാജ്യത്തിലെ വികസന പ്രവർത്തനങ്ങളുടെ പുരോഗതിയും, രാജ്യത്തിൻെറ മൊത്തം പുരോഗതിയും ഈ ബില്ലിനെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതുകൊണ്ടും ഇതിൽ ജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള അവസരം കൊടുക്കേണ്ടതാണ്. അതുകൊണ്ട് ഈ ബിൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനു് സർക്കുലേറ്റു ചെയ്യണമെന്നുള്ള അപേക്ഷയോടു കൂടി ഞാൻ എൻെറ മോഷൻ സഭയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയാണ്.

Deputy Speaker: Shri P. R. Kurup, Shri E. P. Gopalan, Shri T. K Ramakrishnan and Shri P. Viswambharan have also given notices of the same amendment ie., for circulating the Bill for the purpose of eliciting public opinion. They may speak if they so desire.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മാഡം, ശ്രീ. കൃഷ്ണപിള്ള അവതരിപ്പിച്ച ഭേദഗതിയോടു് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. പ്രധാനമായി ചില കാര്യങ്ങളും, ഈ ബിൽ പൊതുജനാഭിപ്രായം അറിഞ്ഞുകൊണ്ടുവേണം പാസ്സാക്കേണ്ടതു് എന്നതിനു കാരണമായി എനിക്കു് പറയുവാനുണ്ട്. ഈ കഴിഞ്ഞ പഞ്ചായത്തുനിയമം ഇതിനു മുൻപുണ്ടായിരുന്ന ഗവണ്മെൻറു് ഈ സഭാവേളയിൽ അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ പല ഉത്തരവാദപ്പെട്ട ആളുകളുമായും, പൊതുരംഗമായും ചർച്ചകളും നടത്താനും തെളിവുകളും സ്വീകരിക്കാനും ശ്രമിച്ചിട്ടുണ്ട്. അതിൻെറ ഫലമായി അന്നു നിയമിക്കേണ്ടിവന്ന പഞ്ചായത്തുകൾക്കു്, അതിലേക്കു് തിരഞ്ഞെടുക്കപ്പെട്ട കാര്യസമിതികൾക്കു്, ഉദ്യോഗസ്ഥവൃന്ദത്തിനും പരസ്പരപൊരുത്തവും, സുഖകരമായ നടത്തിപ്പിനും വേണ്ടിയുള്ള പരിപാടികളും അസൂത്രണം ചെയ്യുന്നതിൽ ഒരു യോജിപ്പുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ പഞ്ചായത്തുകൾക്കു് മേലെ, ജനാധിപത്യം അതിൻെറ മാതൃകാപരമായ ഒരു പ്രവർത്തനമാണ് എന്നു് ഈ ബില്ലിൻെറ ഒബ്ജക്ട്സ് റീസൺസിൽ പറഞ്ഞുകൊണ്ടു ജില്ലാപരിഷത്തുകളും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തുന്നതു് ഈ പഞ്ചായത്തുകളുടെ അധികാരങ്ങളെ പുഷ്ടണം ചെയ്യുന്നതിനുവേണ്ടിയാണു് എന്ന അഭിപ്രായത്തോടു് എനിക്കു് യോജിപ്പാണുള്ളതു്. ശ്രീ. കൃഷ്ണപിള്ള പറഞ്ഞ തത്വങ്ങളോടു് യോജിച്ചുകൊണ്ടുതന്നെ ഈ കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ ജില്ലാപരിഷത്തു് ഒരു അഡൈ്വസറി ബാഡി എന്നുള്ള നിലയിൽ എക്സിക്യൂട്ടീവു് അധികാരം മുഴുവൻ അതിന്റെ കീഴിൽ നിക്ഷിപ്തമാകുന്നതാണു്. ഇവിടെ ബ്ലോക്കുലവലിൽ പഞ്ചായത്തു യൂണിയൻ കൗൺസിലുകളും, ജില്ലാനിലവാരത്തിൽ ജില്ലാപരിഷത്തുകളുമാണു് രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അപ്പോൾ പഞ്ചായത്തുയൂണിയൻ കൗൺസിലുകൾക്കു് എക്സിക്യൂട്ടീവു് അധികാരം കൊടുക്കുകയാണെങ്കിൽ എല്ലാഡെവലപ്പ്മെന്റു് പ്രവർത്തനങ്ങളും, അതായതു് റോഡുകളുടേയും മറ്റും പ്രവർത്തനങ്ങളെല്ലാം ഇതിന്റെ കീഴിൽവരും. പഞ്ചായത്തുകൾ നടത്തേണ്ടതായ നിർമ്മാണപ്രവർത്തനങ്ങൾ യൂണിയൻ കൗൺസിലുകൾ നടത്തേണ്ടതായിവരും. ഒരു ചെറിയ പദ്ധതിയാണെന്നുണ്ടെങ്കിൽതന്നെ ഒരു ഡെവലപ്പുമെന്റു പ്രവർത്തനം എന്ന നിലയിൽ ഗവണ്മെൻറിൽനിന്നു് 50—ഓ 25—ഓ ശതമാനം ഗ്രാൻറും കൊടുക്കും. ഈ ഗ്രാൻറു് വാങ്ങിക്കൊണ്ടു് പഞ്ചായത്തുകൾ ചെയ്യുന്ന ഡെവലപ്പുമെൻറു പ്രവർത്തനങ്ങളെല്ലാംതന്നെ ഈ നിലയ്ക്കു് യൂണിയൻകൗൺസിലുകൾ ചെയ്യേണ്ടതായിവരും. പഞ്ചായത്തുകൾക്കു് കൊടുത്തിട്ടുള്ള അധികാരങ്ങൾ കുറയ്ക്കാനും എടുത്തുകളയാനും പോകുന്നതിന്റെ കാരണം എന്താണെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ഒട്ടെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ ബിൽ വായിച്ചുനോക്കിയാൽ നമുക്കു് മനസ്സിലാക്കാൻ സാധിക്കുന്നതു് കൗൺസിലുകൾക്കു് കൂടുതൽ അധികാരം കൊടുത്തിട്ടുണ്ടു്, എന്നും ജില്ലാപരിഷത്തുകൾക്കു് ഒരു അധികാരവും കൊടുത്തിട്ടില്ല എന്നുമാണു്. ബ്ലോക്കു് നിലവാരത്തിലുള്ള പൊതു ഉത്തരവാദിത്വം യൂണിയൻ കൗൺസിലുകൾക്കും, ജില്ലയുടെ പൊതു ഉത്തരവാദിത്വം ജില്ലാപരിഷത്തുകൾക്കുമാണു് കൊടുക്കേണ്ടതു്. അതിനുപുറമെ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരങ്ങളും ചുരുക്കികൊണ്ടു് കൗൺസിലുകൾക്കു് കൂടുതൽ അധികാരം കൊടുക്കാനുള്ള ഒരു വ്യഗ്രത ഇതിൽ കാണുന്നുണ്ടു്. അധികാരവികേന്ദ്രീകരണത്തിന്റെ പേരു പറഞ്ഞു് പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരം നൽകുമ്പോൾ പഞ്ചായത്തുകൗൺസിലുകളും ജില്ലാപരിഷത്തുകളുമെന്ന പേരു പറഞ്ഞു് പഞ്ചായത്തിന്റെ അധികാരം കേന്ദ്രീകരിച്ചു് എടുക്കുകയാണു് ഗവണ്മെൻറു് ചെയ്യുന്നതു്. പഞ്ചായത്തുകളുടെ സാമ്പത്തികമായ കഴിവിനെ സാദ്ധ്യത ഈ കൗൺസിലുകൾ ഏറെറടുക്കുകയാണു്. അങ്ങനെ വരുമ്പോൾ പഞ്ചായത്തുകൾ വെറും നാമമാത്രമായി പ്രവർത്തിക്കേണ്ടതായിവരും. അതിനേക്കാൾ ഈ അധികാരം മുഴുവൻ ഗവണ്മെൻറു ഏറെറടുക്കുകയല്ലേ നല്ലതു്? നാം ഇവിടെ ഒരു പഞ്ചായത്തു നിയമം പാസ്സാക്കി. ജനാധിപത്യ രീതിയനുസരിച്ചു് അധികാരം ക്രമേണ പഞ്ചായത്തുകൾക്കു് കൊടുക്കുന്നതിനുവേണ്ടിയാണു് നാം ഇവിടെ ഒരു നിയമം പാസ്സാക്കിയതു്. അതു പാസ്സാക്കിക്കഴിഞ്ഞതിനുശേഷം രൂപകം കൊണ്ടുവന്നു് പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളിൽ 50-ശതമാനം നിഷേധിച്ചു. ഇപ്പോൾ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നു് ബാക്കി അധികാരങ്ങൾകൂടി നിഷേധിച്ചിരിക്കുകയാണു് ചെയ്തിരിക്കുന്നതു്. വാസ്തവത്തിൽ ഇതിനു് ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു എനിക്കു് മനസ്സിലാകുന്നില്ല. കക്ഷിരഹിത അടിസ്ഥാനത്തിലാണു് ഇവിടെ പഞ്ചായത്തു തിരഞ്ഞെടുപ്പു നടന്നതെങ്കിലും പല സ്ഥലങ്ങളിലും രേണകക്ഷിക്കു് പരാജയമാണു് സംഭവിച്ചതു്. അതുകൊണ്ടായിരിക്കാം പഞ്ചായത്തുകൾക്കുള്ള അധികാരങ്ങൾ ഇങ്ങനെ കുറയ്ക്കുന്നതെന്നു ന്യായമായി ഞാൻ സംശയിക്കുകയാണു്. ഇവിടെ പഞ്ചായത്തുകളുടെ ഭരണം കാര്യക്ഷമമാക്കാനാണെന്നും പറഞ്ഞുകൊണ്ടു് ഒരു ബിൽ കൊണ്ടുവന്നു. ഇവിടെ ഒരു പഞ്ചായത്തിന്റെ വരവു് എത്രയാണെന്നുള്ള കാര്യം നമുക്കറിയാം. എണ്ണായിരം രൂപ വരുമാനമുള്ള ഒരു പഞ്ചായത്താണു് ഇവിടെയുള്ള ഏറവും ചെറിയ പഞ്ചായത്തു്. അതിനു് രണ്ടായിരം രൂപ എസ്റ്റാബ്ലിഷ്മെൻറു് ചാർജിനും മറും ചെലവാകും. 25 ശതമാനത്തിലധികം വരുന്ന സംഖ്യ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

ഗവണ്മെന്റിൽനിന്നു കൊടുക്കും. ഈ ആറായിരം രൂപ ചെലവാക്കാൻവേണ്ടി ഈ പഞ്ചായത്തുകളിൽ ഇത്ര ഉദ്യോഗസ്ഥന്മാരെ വച്ചിരിക്കേണ്ടആവശ്യമുണ്ടോ? ഒരു ബിൽ കളക്ടരെ വച്ചുകൊണ്ടു വേണമെങ്കിൽ ഈ സംഖ്യ പിരിച്ചെടുക്കുന്നതിനു യാതൊരു വഷമവുമില്ല. പഞ്ചായത്തുകൾക്കു ഗവണ്മെന്റ് കൂടുതൽ ഗ്രാന്റു കൊടുക്കുകയും ഡെവലപ്പുമെന്റു പ്രവർത്തനങ്ങൾ പഞ്ചായത്തുമുഖേന നടത്തുകയുമാണു് യഥാർത്ഥത്തിൽ ഇതു കൊണ്ടുദ്ദേശിക്കുന്നതു് എങ്കിൽ അതിനിടയ്ക്കു് ഈ ചൂഷകവർഗ്ഗത്തെ കൗൺസിലെന്നുള്ള പേരുംകൊടുത്തു് പഞ്ചായത്തിനെ സൂപ്പർവൈസു് ചെയ്യാൻ ഏർപ്പെടുത്തിയിരിക്കുന്നതിന്റെ ആവശ്യം മനസ്സിലാവുന്നില്ല.

പിന്നൊന്നു എനിക്കു് പറയുവാനുള്ളതു് ഈ പഞ്ചായത്തുകളുടെ പരിധിയെ സംബന്ധിച്ചാണു്. അതു് വളരെ രസാവഹമാണു്. ഒരു ബ്ലോക്കിലെ പഞ്ചായത്തെടുത്തു പരിശോധിച്ചാൽ, ഒരു പഞ്ചായത്തിൽ മൂന്നു വില്ലേജുണ്ടെങ്കിൽ രണ്ടു വില്ലേജു് ഒരു ബ്ലോക്കിലും മറേറ വില്ലേജു് വേറൊരു ബ്ലോക്കിലുമായിരിക്കും സ്ഥിതിചെയ്യുന്നതു്. ഉദാഹരണമായി മേപ്പയൂർ പഞ്ചായത്തു എടുത്തുനോക്കുകയാണെങ്കിൽ അവിടെ മൂന്നു വില്ലേജുകളുണ്ടു്. അതിൽ രണ്ടു വില്ലേജു് സ്റ്റേജ് (1) ബ്ലോക്കിലും ഒരു വില്ലേജു് സ്റ്റേജ് (2) ബ്ലോക്കിലുമാണു് സ്ഥിതി ചെയ്യുന്നതു്. ആ ബ്ലോക്കിൽ തന്നെ കൗൺസിൽ രൂപീകരിച്ചുകഴിഞ്ഞതിനുശേഷം ജില്ലാ പരിഷത്തുണ്ടാക്കുമ്പോൾ ആ പഞ്ചായത്തു പ്രദേശങ്ങൾ രണ്ടു ജില്ലകളിൽക്കൂടിയായിരിക്കും സ്ഥിതിചെയ്യുക. അതുകൊണ്ടു് ജില്ലാ അടിസ്ഥാനത്തിലോ വില്ലേജടിസ്ഥാനത്തിലോ പരിഷത്തുകളോ, കൗൺസിലുകളോ രൂപീകരിക്കുന്നതിനുമുൻപു് പരിധിയെ സംബന്ധിച്ചു് വ്യക്തമായി പരിശോധന ചെയ്യണം. ഒരു ബ്ലോക്കിൽ ഒരു കൗൺസിലേ പാടുള്ള എന്നുള്ളതു് അംഗീകരിക്കാൻ ഇതിൽ ശ്രമിക്കുന്നുണ്ടു്. അതു തെറ്റാണു്. ഇപ്പോഴും കുത്തുപറമ്പ ബ്ലോക്കിൽ ഇരുപത്തിരണ്ടു പഞ്ചായത്തുകളുണ്ടു്. ശ്രീ. കൃഷ്ണപിള്ള പറഞ്ഞതുപോലെ രണ്ടുപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഈ കൗൺസിലിൽവരും. പിന്നെ അവിടത്തെ എം. എൽ. എ. മാരും, എം. പി. യും എല്ലാംകൂടി വളരെയധികം അംഗസംഖ്യവരും. അപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾക്കു് കാര്യക്ഷമമായ പരിപാടികളും ആവിഷ്കരിക്കാൻ സാധിക്കാത്ത വിധത്തിൽ കൗൺസിലുകളുടെ പ്രവർത്തനം നീണ്ടുപോകുമെന്നുള്ളതു് കാണാൻ സാധിക്കുന്നതാണു്. ഒരു ബ്ലോക്കിൽതന്നെ ഒന്നും രണ്ടും കൗൺസിലുകളും കണ്ടെന്നുവരും. അതുകൊണ്ടു് ഇതിന്റെ പരിധി ശരിയായി രൂപപ്പെടുത്താൻ ശ്രമിക്കുന്നതു് ആവശ്യമാണെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്.

അതുപോലെ ഇനി പഞ്ചായത്തിൽ നോക്കാം. പഞ്ചായത്തിന്റെ എക്സിക്യൂട്ടീവു് ഉത്തരവാദിത്വങ്ങളൊക്കെ എക്സിക്യൂട്ടീവു് ആഫീസറിൽ നിക്ഷിപ്തമാണു്, പഞ്ചായത്തു് രൂപം പരിശോധിച്ചുനോക്കിയാൽ എക്സിക്യൂട്ടീവു് ആഫീസർ പരമാധികാരിയാണെന്നു കാണാൻ സാധിക്കുന്നതാണു്. പഞ്ചായത്തു് ആഫീസറെ കൺട്രോൾ ചെയ്യുന്നതിനു് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിനു് അധികാരമില്ല. പഞ്ചായത്തുബില്ലിന്റെ സെലക്ടുകമ്മിറ്റി വളയിൽ വളരെയേറെ ഉറപ്പിച്ചുതന്നെ എക്സിക്യൂട്ടീവു് ആഫീസറെ നിയമിക്കുന്നതിനു് പഞ്ചായത്തിനു് വല്ല ഉത്തരവാദിത്വവുമുണ്ടോ എന്നുള്ളതിനെപ്പറ്റി ചർച്ച നടന്നു, വളരെയേറെ ചർച്ചകൾക്കുശേഷം പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി എക്സിക്യൂട്ടീവു് ആഫീസർക്കു വേണമെങ്കിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാമെന്നാണു് അഭിപ്രായപ്പെട്ടതു്. അതേപ്പറ്റി വളരെയേറെ ചർച്ചകൾ നടത്തിയശേഷമാണു് സെലക്ടുകമ്മിറ്റി ആ ബിൽ അംഗീകരിച്ചതു്. അതിനുശേഷം ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്. അതു് സെലക്ടുകമ്മിറ്റിയുടെ അഭിപ്രായത്തിനു നിരക്കാത്തതാണു്. എക്സിക്യൂട്ടീവു് ആഫീസർക്കു് പഞ്ചായത്തിന്റെ സകല ഉത്തരവാദിത്വവും ഏല്പിച്ചു കൊടുക്കാനുള്ള പ്രവണത ഈ നിയമത്തിൽ കാണുന്നു. അതിന്റെ ഫലമായി പഞ്ചായത്തും എക്സിക്യൂട്ടീവു് ആഫീസറും തമ്മിൽ പല കാര്യങ്ങളിലും പൊരുത്തമുണ്ടാകുകയില്ല. എക്സി

LIBRARY ARCHIVES Kerala Legislative Assembly

കൃട്ടീവ് ആഫീസറും പഞ്ചായത്തും തമ്മിൽ ബന്ധം ഉണ്ടാകുകയില്ല. നിർമ്മാണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുകയില്ല. ഈ തെറ്റു തിരുത്തുന്നതിനുപകരം ബാക്കിയുള്ള ഉത്തരവാദിത്വങ്ങൾപോലും കയ്യിൽനിന്നു കവർന്നു പഞ്ചായത്തു കൗൺസിലുകൾക്കു കൊടുക്കുന്ന ഏർപ്പാടു ശരിയായിരിക്കുകയില്ല. അതു ന്യായീകരിക്കാൻ സാധിക്കുന്ന ഒന്നല്ലെന്നുള്ള കാര്യം പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു. കൗൺസിലിനും ജില്ലാപരിഷത്തിനുമൊക്കെ എന്തെങ്കിലുമൊരു ജോലി, എക്സിക്യൂട്ടീവ് ആഫീസർക്കോ ഡെവലപ്പുമെന്റു ആഫീസർക്കോ കൊടുക്കണമെന്നുവന്നാൽ അതിനു പഞ്ചായത്തിന്റെ സമ്മതംവേണ്ട, കൗൺസിലിന്റെ സമ്മതംവേണ്ട. എക്സിക്യൂട്ടീവ് ആഫീസർക്കു കൊടുക്കാം, ഡവലപ്പുമെന്റു ആഫീസർക്കു കൊടുക്കാം.

Voting on Supplimentary Demands

[Mr. Speaker in the Chair]

Mr. Speaker: Order, order. The hon. Member can continue his speech to-morrow. Before we take up the next item of the Agenda, I have to make an announcement.

12 Noon

The discussion and voting on the Supplementary demands for grants in the Budget for the year 1963-64 will be taken up to-morrow. Copies of the Supplementary Financial Statement laid before the House yesterday have already been circulated to members. The whole day is allotted for this business. The demands will be considered in the following order:

Demand	IV	Taxes on Vehicles—	Time allotted, 40 minutes.
,,	IX	Heads of States, Ministers and Headquarters Staff	— 40 minutes.
,,	XXVII	Industries and	40 minutes
,,	XLV	Capital Outlay on Industrial Development	
,,	XXXII	Irrigation and	40 minutes
	XLVI	Capital Outlay on Irrigation	
,,	XXXVI	Famine—35 minutes.	
,,	LV	Loans and Advances by the Government—	35 minutes.

The remaining demands will be taken up in their serial order.

DISCUSSION UNDER RULE 128

Mr. Speaker: We may now proceed to the next item in the Agenda, namely 'Motion under Rule 128'.

I call upon Shri K. Krishna Pillai to move the motion.

Shri K. Krishna Pillai: Sir, I move that the Annual Report of the State Education Advisory Board (May 1961 to May 1962) be discussed.

LIBRARY ARCHIVES Kerala Legislative Assembly